സംവാദം

ഡോ. പി.എ അബൂബക്കർ

മഴവിൽ ലോകത്തെ ഇസ്‌ലാം

# മഴവിൽകാലത്തെ ചില സന്ദേഹങ്ങൾ

**പ്രവാചകൻ മദീനയിൽ പടുത്തുയർത്തിയ മഴവിൽ ലോകത്തിലെ പ്രിസം ഇസ്‌ലാമായതിനാലാണ് അത് നീതിയുടെ ഉത്തമോദാഹരണമായി മാറിയത്. ഇന്നു നാം മഴവില്ലുകളായി കരുതുന്ന സമൂഹങ്ങളിൽ അനീതിയും ഇരട്ട മാനദണ്ഡങ്ങളും നിലനിൽക്കുന്നത് അവയിലെ പ്രിസങ്ങളുടെ പക്ഷപാതിത്വം കൊണ്ടാണ്. അതിനാൽ മഴവില്ലുകളെ അംഗീകരിക്കുകയും അവയുടെ ഭാഗമായി നിലനിൽക്കുകയും ചെയ്യുമ്പോൾ തന്നെ അവയിലെ പ്രിസങ്ങളാവാൻ ശ്രമിക്കുക.**

**സി.** ദാവൂദിന്റെ ലേഖനം, 'മഴവിൽ ലോകത്തെ ഇസ്‌ലാം' (ലക്കം 5, '09 ജൂലൈ 4) വായിച്ചു. കാലികപ്രസക്തി ഏറെയുള്ള ഒരു വിഷയം ചർച്ചക്കെടുത്തതിൽ ലേഖകനെ അഭിനന്ദിക്കുന്നു. ലേഖനത്തിന്റെ മൊത്തത്തിലുള്ള ആശയത്തോട് പൂർണമായും യോജിക്കുന്നു. വിശദാംശങ്ങളിൽ ഭിന്നാഭിപ്രായമുണ്ട്. ലേഖനത്തിൽ ഏറ്റവും കൂടുതലായി വെളിപ്പെടുന്നത് അതിശയോക്തിയും ക്ഷമാപണമനസ്കതയുമാണ്. വാക്കുകളുപയോഗിച്ച് ഉത്തര ദക്ഷിണ ധ്രുവങ്ങളെ കൂട്ടിക്കെട്ടാനുള്ള നിയോഗമാണ് താനേറ്റെടുത്തിരിക്കുന്നതെന്ന തോന്നൽ കൊണ്ടാണോ എന്നറിയില്ല വല്ലാത്ത ഭീതി ലേഖകന്റെ വാക്കുകളിലുണ്ട്.

മദീനയിൽ പ്രവാചകൻ കാണിച്ചുതന്ന ബഹുസ്വരതയെ ആധുനികതയുടെ മേലെ പ്രതിഷ്ഠിക്കുന്ന സമീപനം കൊള്ളാം. പക്ഷേ, മൗദൂദിയും അലീ ശരീഅത്തിയുമൊക്കെ ഉയർത്തിപ്പിടിച്ച ദ്വന്ദ്വാത്മക സമീപനത്തിന്റെ നേർ വിപരീത സ്ഥാനത്താണ് ആധുനികതയുടെയും പ്രവാചകൻ മദീനയിൽ കാണിച്ച മാതൃകയുടെയും അന്തർധാരയായ ബഹുസ്വരത നിലകൊള്ളുന്നതെന്ന ധ്വനി അവരെ വരികളിൽ മാത്രം വായിച്ചതുകൊണ്ടുണ്ടായതാവാം. അതല്ലെങ്കിൽ നമുക്കു ചുറ്റുമുള്ള മീഡിയയുടെ ആടിനെ പട്ടിയാക്കൽ പരിപാടിയിൽ നമ്മളും അറിയാതെ വീണുപോകുന്നതിന്റെ ഉദാഹരണമാവാം. ബഹുസ്വരതയുടെ ഉത്തമോദാഹരണമായി ലേഖകൻ എടുത്തുകാട്ടിയ മദീനാമാതൃകയിൽ ദ്വന്ദ്വാത്മകത ഇല്ലായിരുന്നുവെന്ന് നമുക്കാർക്കും പറയാനാവില്ലല്ലോ. അതു പോലെത്തന്നെ കറുപ്പിനെതിരെ വെളുപ്പെന്ന ദ്വന്ദ്വാത്മക സമീപനത്തിന്റെ പ്രയോക്താവായി ലോകവും മാലോകർക്കു പുറകെ നമ്മളും വിശ്വസിക്കുന്ന സയ്യിദ് മൗദൂദിയുടെ ചിന്തയിൽ ബഹുസ്വരതയുടെ കിരണങ്ങൾ കാണാനും പ്രയാസമില്ല. എന്നാൽ ദ്വന്ദ്വാത്മകതയുടെ മറ്റൊരു പ്രയോക്താവായി ലേഖകൻ എണ്ണിയ കാൾ മാർക്സിന്റെ കാര്യം അങ്ങനെയാവണമെന്നില്ല. അതുകൊണ്ടാണല്ലോ കമ്യൂണിസ്റ്റ് പാർട്ടിയെ ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിലേറ്റിയ കേരളമാതൃകക്കു മുമ്പിൽ ലോകം അത്ഭുതം കൂറിനിന്നത്. ദ്വന്ദ്വാത്മകതയുടെ ഒരു പ്രത്യേകതരത്തിലുള്ള വിശദീകരണം നമ്മുടെ മനസ്സുകളിൽ ഒഴിയാബാധയായി തുടരുന്നതിനുള്ള കാരണങ്ങളിലൊന്ന്, മൗദൂദി തന്റെ പിൽക്കാല രാഷ്ട്രീയവൽക്കരണത്തിൽ എടുത്ത ദേശീയമായ ചില അനുരഞ്ജനസമീപനങ്ങൾ ദാറുൽ ഇസ്‌ലാം - ദാറുൽ ഹർബ് ദ്വന്ദ്വാത്മകതയെ ഭൂമിശാസ്ത്രപരമായി വ്യാഖ്യാനിക്കുന്നവർക്ക് വളമായിത്തീർന്നതിനാലാണ്.

മഴവില്ലുകളെ വാനോളം വാഴ്ത്തുന്ന ലേഖനം കൂടുതലായും ചർച്ച ചെയ്യുന്നത് രാഷ്ട്രീയരംഗത്തെ ബഹുസ്വരതയാണ്. മഴവില്ലുകൾ നിലനിൽക്കുന്നത് രാഷ്ട്രീയത്തിൽ മാത്രമല്ലെന്നതാണ് വാസ്തവം. ഒരുപക്ഷേ, സാംസ്കാരിക രംഗത്താണ് അവ കൂടുതലായി കാണുന്നതെന്നു പറയാം. ഇസ്‌ലാമികചരിത്രത്തിൽ മഴവില്ലുകൾക്ക് ഉജ്വലമാതൃകകളുണ്ടെന്ന ലേഖകന്റെ പ്രസ്താവന അക്ഷരംപ്രതി ശരിയാണ്. പക്ഷേ, ബഹുസ്വരതയുടെ ആ ചരിത്രത്തിൽ മൗലാനാ മൗദൂദിയുടെയും അലീ ശരീഅത്തിയുടെയും ചിന്തകൾ ഉൾപ്പെടുമെന്നതു തന്നെയാണ് വാസ്തവം.

ലേഖകൻ വിവരിക്കുന്നതു പോലുള്ള മഴവിൽ ലോകം ഇസ്‌ലാമിനു പുറത്തെന്ന പോലെ ഇസ്‌ലാമിക ചരിത്രത്തിലും സാംസ്കാരിക രംഗത്താണ് കൂടുതലായി നിലനിന്നത്. സൂഫികൾ വികസിപ്പിച്ചെടുത്ത പ്രവർത്തന രീതി അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. ഒരുപക്ഷേ, ഏറെ കൊട്ടിഘോഷിക്കപ്പെട്ട കഴിഞ്ഞ ഒന്നര നൂറ്റാണ്ടു കാലത്തെ കേരളീയ മുസ്‌ലിം നവോത്ഥാനം ഈ മാരിവില്ലിന്റെ വർണച്ചിറകുകളൊടിക്കുകയായിരുന്നുവല്ലോ. കേരളീയ മുസ്‌ലിം സമൂഹത്തിൽ നിലനിന്ന ഇത്തരം മഴവില്ലുകളെ സംഘട്ടന മനോഭാവത്തിലധിഷ്ഠിതമായ ദ്വന്ദ്വാത്മകതയുടെ അളവുകോലുപയോഗിച്ചു കൊണ്ട് ബിദ്അത്തും ശിർക്കുമൊക്കെയായി വിലയിരുത്തകയായിരുന്നു നാം ഇതുവരെ ചെയ്തത്.

സയ്യിദ് മൗദൂദിയെയും അലീ ശരീഅത്തിയെയും താത്ത്വികമായി അംഗീകരിക്കുകയും എന്നാൽ അവരുടെ ഇരുളും വെളിച്ചവും സിദ്ധാന്തത്തെ കാലികമായ കാരണങ്ങളാൽ തള്ളിക്കളയുകയും ചെയ്യുന്ന നിലപാടിന് ചില പരിമിതികളുണ്ട്. മഴവിൽക്കാലത്തെക്കുറിച്ച് ആ മഹാത്മാക്കൾ അജ്ഞരായിരുന്നില്ല. ഉത്തരാധുനിക പ്രതിഭാസങ്ങളാണ് ഇപ്പറഞ്ഞ മഴവില്ലുകളെന്ന് നമുക്കാർക്കെങ്കിലും ധാരണയുണ്ടെങ്കിൽ ആ ധാരണ തൽക്കാലം മാറ്റിവെക്കുന്നതാണ് നല്ലത്. ആധുനികതയായിരുന്നു മഴവില്ലുകളുടെ സുവർണകാലം. ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ അവസാനം വരെ ജീവിച്ചിരുന്ന മൗലാനാ മൗദൂദി കാണാത്ത മഴവില്ലുകൾ അത്രയധികമൊന്നും അതിനുശേഷം ഉണ്ടായിട്ടില്ല. നാം അവയെ ശ്രദ്ധിക്കാൻ വൈകിയതാണ് പ്രശ്നം. അതുകൊണ്ടു തന്നെ മഴവില്ലുകളെക്കുറിച്ചറിയാതിരുന്നതു കൊണ്ടാണ് മൗലാനാ മൗദൂദി ഇരുളിനെതിരെ വെളിച്ചമെന്ന ദ്വന്ദ്വാത്മക സിദ്ധാന്തം ആവിഷ്കരിച്ചതെന്നും ഇപ്പോഴത്തെ മഴവിൽക്കാലത്ത് അത് തള്ളിക്കളയണമെന്നുമുള്ള വാദങ്ങൾക്ക് വലിയ പ്രസക്തിയില്ല.

മഴവില്ലുകൾ ഇതുവരെ നാം കാണാതിരുന്നതിന് ചില കാരണങ്ങളുണ്ട്. ഖിലാഫത്ത് അനന്തര ആഗോളമുസ്‌ലിം സാഹചര്യമാണല്ലോ ഹസനുൽ ബന്നയുടെയും സയ്യിദ് മൗദൂദിയുടെയും പ്രസ്ഥാനങ്ങൾക്ക് ബീജാവാപം നടത്തിയത്. ഇതേ കാലഘട്ടത്തിൽ നമുക്കെല്ലാം പ്രതീക്ഷ നൽകിയ മറ്റൊരു സംഭവം ലോകത്ത് നടന്നിരുന്നു. ആധുനിക പാശ്ചാത്യ സംസ്കാരമെന്ന വർണശബളമായ മാരിവില്ല് ലോകത്ത് വിടർന്നു നിൽക്കാൻ തുടങ്ങിയ അതേകാലത്തു തന്നെ പാശ്ചാത്യ സമൂഹത്തിലുടലെടുത്തതും സാമ്രാജ്യത്വശക്തികളുടെ മേൽക്കോയ്മയെ നിഷേധിക്കുന്നതുമായ മറ്റൊരു രാഷ്ട്രീയശക്തിയായി കമ്യൂണിസം വളർന്നുവന്നതാണത്. ഇന്നു നമുക്കു കൗതുകം തോന്നുന്ന മാരിവില്ലുകളെ തകർത്തു മാറ്റിക്കൊണ്ടാണ് കമ്യൂണിസം വളർന്നത്. സാർ ചക്രവർത്തി സ്ഥാനഭ്രഷ്ടനാവുകയെന്നത് ഒരു അത്ഭുതമായിരുന്നില്ല. ജനാധിപത്യമെന്ന ഫാഷനെ ലോകം പുൽകിത്തുടങ്ങുന്ന കാലത്ത് അത് സ്വാഭാവികമായിരുന്നു. എന്നാൽ പിന്നീടു വന്ന കെറാൻസ്കിയുടെ നേതൃത്വത്തിലുള്ള ജനാധിപത്യഭരണകൂടമെന്ന വർണശബളമായ മഴവില്ലിനെ പന്നിക്കൂടെന്ന മുദ്രകുത്തി തൂത്തെറിയാൻ ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകൾക്കായത് ഒരു മഹാത്ഭുതം തന്നെയായിരുന്നു. ഇത് നമ്മുടെ നേതാക്കൾക്കു നൽകിയ പ്രതീക്ഷ ചെറുതൊന്നുമായിരുന്നില്ല. ഇഖ്ബാലിനെപ്പോലുള്ളവർ ഒരുവേള ശഹാദത്ത് കലിമയുടെ പകുതി (ലാ ഇലാഹ) തന്നെയാണ് സോവിയറ്റ് വിപ്ലവമെന്നു കരുതി. മുതലാളിത്തത്തിനും കമ്യൂണിസത്തിനുമെതിരെ മൂന്നാം രാഷ്ട്രീയ ശക്തിയായി ഇസ്‌ലാമിനെ വളർത്തിയെടുക്കാൻ നാം ശ്രമിച്ചപ്പോഴും മനസ്സിലുണ്ടായിരുന്ന ഏക വിജയപ്രതീക്ഷ മുതലാളിത്തത്തിനെതിരെ കമ്യൂണിസം നേടിക്കൊണ്ടിരുന്ന വിജയങ്ങളായിരുന്നുവല്ലോ. ലോകത്തെ മൊത്തം ഭൂഭാഗത്തിന്റെ പകുതി കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ കീഴിലാവുകയും കമ്യൂണിസ്റ്റുകളുടെ നേതൃത്വത്തിലുള്ളതാവുകയും ചെയ്തപ്പോൾ നമ്മുടെ മുദ്രാവാക്യങ്ങൾക്ക് ശക്തികൂടി. ഇന്ത്യയിൽ നാം തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിന്നപ്പോൾ അതുമായി താരതമ്യപ്പെടുത്താവുന്ന തരത്തിൽ തെരഞ്ഞെടുപ്പ് ബഹിഷ്കരണവുമായി നക്സലൈറ്റുകൾ എന്ന കമ്യൂണിസ്റ്റ് തീവ്രവാദികൾ രംഗത്തുണ്ടായിരുന്നു. സോവിയറ്റ് ഭരണകൂടവും സോവിയറ്റ് ചേരിയും തകർന്നതിനുശേഷമുള്ള രണ്ടു പതിറ്റാണ്ടോളം കാലം കൊണ്ടാണ് നാം യാഥാർഥ്യങ്ങൾ തിരിച്ചറിയാൻ തുടങ്ങിയത്. സി. ദാവൂദിന്റെ പുനരാലോചന അഭിനന്ദനമർഹിക്കുന്നു. കാരണം, അതിന് താത്ത്വികതയുടെ പിൻബലമുണ്ട്. സംഘടിത ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗമായതുകൊണ്ടാണ് ആ താത്ത്വികതക്ക് ഇടം ലഭിച്ചത്. താത്ത്വികതയുടെ അകമ്പടിയില്ലാതെ മഴവില്ലിന്റെ കൂടെപ്പോയ വ്യക്തികളും ആൾക്കൂട്ടങ്ങളും ധാരാളമുണ്ട്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി വോട്ടു ചെയ്യാൻ തീരുമാനിച്ചപ്പോൾ അത് ത്വാഗൂത്തുമായുള്ള ഒത്തു തീർപ്പാണെന്നു പ്രചരിപ്പിച്ച തീവ്ര യുവമൗദൂദിയന്മാരിൽ പലരും പിന്നീട് 'നാഷ്നൽ' എന്ന പദം തുടക്കത്തിലുള്ള രാഷ്ട്രീയവും അരാഷ്ട്രീയവുമായ പ്രസ്ഥാനങ്ങളിലൂടെ ഒളിഞ്ഞും തെളിഞ്ഞും തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ ഗോദയിലേക്ക് എടുത്തു ചാടിയിരുന്നുവല്ലോ. അവരാരും അവിശ്വാസികളായിക്കൊണ്ടല്ല അതു ചെയ്തത്. ഒരു പ്രത്യേക പ്രായപരിധി പിന്നിട്ടപ്പോൾ സംഘടിത ഇസ്‌ലാമിക പ്രസ്ഥാനത്തിൽനിന്ന് വേർപെട്ട അവർ സ്വന്തം യുക്തിബോധത്തിലൂടെ മഴവിൽ ലോകത്തെ തിരിച്ചറിയുകയായിരുന്നു. സംഘടിത ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്നും നിലകൊള്ളുന്ന ലേഖകന് താത്ത്വികതയുടെ അകമ്പടി ആവശ്യമായെന്നു മാത്രം. ആദ്യം പറഞ്ഞവരുടെ താത്ത്വികതയുടെ അകമ്പടിയില്ലാത്ത എടുത്തുചാട്ടത്തെക്കാൾ എന്തുകൊണ്ടും അഭിനന്ദനീയമായിട്ടുള്ളത് ലേഖകന്റെ നിലപാടു തന്നെയാണ്.

മാരിവില്ലിന്റെ വർണച്ചിറകുകൾ കൊഴിയാൻ തുടങ്ങിയ കാലഘട്ടത്തിലാണ് പുനരാലോചനയുണ്ടായത്. ആധുനിക പാശ്ചാത്യ സംസ്കൃതി കൊട്ടിഘോഷിക്കപ്പെട്ട പോലെ സുതാര്യമോ ബഹുസ്വരമോ അല്ലെന്ന യാഥാർഥ്യം ലോക

**ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ അവസാനം വരെ ജീവിച്ചിരുന്ന മൗലാനാ മൗദൂദി കാണാത്ത മഴവില്ലുകൾ അത്രയധികമൊന്നും അതിനുശേഷം ഉണ്ടായിട്ടില്ല. നാം അവയെ ശ്രദ്ധിക്കാൻ വൈകിയതാണ് പ്രശ്നം. അതുകൊണ്ടു തന്നെ മഴവില്ലുകളെക്കുറിച്ചറിയാതിരുന്നതു കൊണ്ടാണ് മൗലാനാ മൗദൂദി ഇരുളിനെതിരെ വെളിച്ചമെന്ന ദ്വന്ദ്വാത്മക സിദ്ധാന്തം ആവിഷ്കരിച്ചതെന്നും ഇപ്പോഴത്തെ മഴവിൽക്കാലത്ത് അത് തള്ളിക്കളയണമെന്നുമുള്ള വാദങ്ങൾക്ക് വലിയ പ്രസക്തിയില്ല.**

ത്തിന് ബോധ്യം വന്നുകൊണ്ടിരിക്കുന്നു. ഇറാഖിലെ അധിനിവേശവും ഇറാനു നേരെ തൂങ്ങിക്കൊണ്ടിരിക്കുന്ന വാളും കൈയൂക്കുള്ളവൻ തന്നെ കാര്യക്കാരനായ പഴയ കാട്ടുനീതിയാണ് പ്രമാണമെന്ന് തെളിയിച്ചു കൊണ്ടിരിക്കുകയാണല്ലോ. തുർക്കിയെ നോക്കിക്കൊണ്ട് അമിതമായി സന്തോഷിക്കുമ്പോഴും അൽപം മുമ്പത്തെ അൾജീരിയൻ യാഥാർഥ്യം മറക്കരുത്. ബീച്ചുകളിലും മറ്റു പൊതുസ്ഥലങ്ങളിലും പൂർണനഗ്നരോ അർധനഗ്നരോ ആയി നടക്കുന്നവർക്കു നേരെ വസ്ത്രധാരണം വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന ന്യായത്തിന്റെ പേരിൽ കണ്ണടക്കുന്ന ഭരണകൂടങ്ങൾ തന്നെ മക്കന ധരിക്കുന്നവരെ കാണുമ്പോൾ പ്രസ്തുത വ്യക്തിസ്വാതന്ത്ര്യം മറക്കുന്ന കാഴ്ചകൾ നമ്മുടെ കൺമുമ്പിൽ തന്നെയുണ്ടല്ലോ.

കേരളീയ മുസ്‌ലിംകൾ സാംസ്കാരികരംഗത്തു മാത്രമല്ല, രാഷ്ട്രീയരംഗത്തും മഴവിൽലോകം പടുത്തുയർത്തിയിരുന്നുവെന്നതിന്റെ ഉദാഹരണമാണ് സാമൂതിരിയുടെ നേതൃത്വം അംഗീകരിക്കുകയും അദ്ദേഹത്തിനു കീഴിൽ ജോലി ചെയ്യുകയും അദ്ദേഹത്തിനു വേണ്ടി പടനയിക്കുകയും ചെയ്ത പൂർവകാലകേരളീയമുസ്‌ലിം സമൂഹം. നാം ഇന്ന് കറുപ്പിന്റെയും വെളുപ്പിന്റെയും കാലം അവസാനിച്ചുവെന്നു പ്രഖ്യാപിച്ചുകൊണ്ട് മഴവിൽ ലോകത്തെക്കുറിച്ച് ലേഖനമെഴുതുമ്പോൾതന്നെ പണ്ട് മഴവിൽ ലോകം സൃഷ്ടിച്ചവരെ കറുപ്പ് - വെളുപ്പ് ദ്വന്ദ്വാത്മകതയുടെ കള്ളികളിലൊതുക്കാനായി 'അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്ര'വും രചിക്കുന്നുണ്ടെന്ന കാര്യം പ്രത്യേകം ഓർക്കുക. ഇവ കൂടിച്ചേരാതെ മുഴച്ചു നിൽക്കുന്നതെവിടെയാണെന്നന്വേഷിച്ചാൽ എത്തിച്ചേരുക നമ്മുടെ സൈദ്ധാന്തികതയിലെ ചെറിയൊരു നോട്ടപ്പിഴയിലായിരിക്കും. മുമ്പ് നാം ധരിച്ചത് കറുപ്പും വെളുപ്പും മാത്രമേയുള്ളൂവെന്നാണ്. ഇന്ന് ശഠിക്കുന്നതാവട്ടെ കറുപ്പും വെളുപ്പും തീരെയില്ലെന്നും മാരിവില്ലിന്റെ സപ്തവർണങ്ങൾ മാത്രമേയുള്ളൂവെന്നുമാണ്. ഒന്നുകിൽ കളരിക്കു പുറത്ത്; അല്ലെങ്കിൽ ഗുരുക്കളുടെ നെഞ്ചിന് എന്നതാണ് നമ്മുടെ അവസ്ഥ. ഈ കടും പിടുത്തത്തിലും തീവ്രതയിലുമാണ് എല്ലാ പ്രശ്നങ്ങളും നിലകൊള്ളുന്നത്. കറുപ്പും വെളുപ്പും മഴവില്ലിന്റെ സപ്തവർണങ്ങളിൽനിന്ന് വ്യത്യസ്തമല്ല. ഏഴു നിറങ്ങളും ഒന്നിച്ചു ചേരുമ്പോൾ വെളുപ്പും എല്ലാം കൂടി എവിടെയെങ്കിലും ആഗിരണം ചെയ്യപ്പെടുകയാണെങ്കിൽ കറുപ്പും ഉണ്ടാകുമെന്നാണ് ഭൗതികശാസ്ത്രം പറയുന്നത്. ഇതുതന്നെയാണ് മാനവചരിത്രത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്നത്. അന്ത്യപ്രവാചകൻ മദീനയിൽ പടുത്തുയർത്തിയ രാഷ്ട്രത്തിന്റെ അകം മഴവിൽ ലോകമായിരുന്നുവെങ്കിൽ അതിനെ തകർക്കാനായി വന്ന ശത്രുക്കളുടെ മുമ്പിൽ അത് മഴവിൽ ലോകമായല്ല പെരുമാറിയത്. സയ്യിദ് മൗദൂദിയടക്കമുള്ള പൂർവകാല പണ്ഡിതന്മാരെല്ലാം ഈ യാഥാർഥ്യം തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണല്ലോ ബ്രിട്ടീഷ് ഇന്ത്യയിലും പിന്നീട് പാകിസ്താനിലും അദ്ദേഹം അനുവർത്തിച്ച നിലപാടുകൾ തമ്മിൽ വ്യത്യാസം കാണുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ കാലികവും ദേശീയവുമായ ഒരു ഖണ്ഡത്തെ മാത്രം സാർവകാലികതലത്തിൽ പ്രതിഷ്ഠിക്കുകയായിരുന്നു നാം. എല്ലായ്പോഴും പൂർണമായ കറുപ്പും പൂർണമായ വെളുപ്പും മാത്രമേ നിലനിൽക്കുന്നുള്ളൂവെന്നോ അവ ഒരിക്കലും നിലനിൽക്കുന്നില്ലെന്നോ ധരിക്കരുത്. ദാറുൽ ഇസ്‌ലാമിനും ദാറുൽ ഹർബിനും എല്ലായ്പോഴും ഭൂമിശാസ്ത്രപരമായ അതിരുകൾ ഉണ്ടാവണമെന്നില്ല. ദാറുൽ ഹർബിന്റെ ഇരകളെ അവർ ശഹാദത്ത് കലിമ ചൊല്ലിയിട്ടില്ലെന്നതിന്റെ പേരിൽ ദാറുൽ ഹർബിന്റെ ഭാഗമായി കാണരുത്. അമേരിക്ക ശൈത്വാനുൽ അക്ബറാണെന്നു പറഞ്ഞാൽ അതിനർഥം അവിടത്തെ മുതലാളിത്തത്തിന്റെ ഇരയായ ചെരുപ്പുകുത്തി ശൈത്വാനുൽ അക്ബറിന്റെ ഭാഗമെന്നല്ല.

കൈയൂക്കിനു പകരം ആശയസംവാദത്തിനു സാധ്യതയുള്ള അവസ്ഥ സൃഷ്ടിക്കാനാണ് ഇസ്‌ലാം ശ്രമിക്കുന്നതെന്നതിന് മദീനയിലെ രാഷ്ട്രമാതൃക മാത്രമല്ല ഇസ്‌ലാമിക പ്രമാണങ്ങൾ തന്നെ തെളിവുകൾ നിരത്തുന്നുണ്ട്. ഇന്ത്യയിൽ 'ഹുകൂമത്തെ ഇലാഹി' എന്ന ആശയത്തിന്റെ ആദ്യകാലത്തെ പ്രയോക്താവായ മൗലാനാ ആസാദ് ജീവിതാവസാനം വരെ ഉയർത്തിപ്പിടിച്ച ആശയങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

മഴവില്ലുകൾ സ്ഥായിയാവണമെന്നില്ല. അവയെകൊണ്ട് നമുക്കുമുമ്പിൽ സപ്തവർണത്തിൽ വിരിയിക്കുന്നത് പ്രിസങ്ങളായി പ്രവർത്തിക്കുന്ന ജലകണങ്ങളാണ്. നാം മഴവില്ലായിക്കാണുന്ന ആധുനികപാശ്ചാത്യനാഗരികതയുടെ അവസ്ഥയും ഇതു തന്നെയാണ്. ഇറാഖ് യുദ്ധത്തിൽ അരങ്ങേറിയ മനുഷ്യാവകാശലംഘനങ്ങൾ തന്നെയാണ് അതിന്റെ ഏറ്റവും നല്ല ഉദാഹരണം. പ്രവാചകൻ മദീനയിൽ പടുത്തുയർത്തിയ മഴവിൽ ലോകത്തിലെ പ്രിസം ഇസ്‌ലാമായതിനാലാണ് അത് നീതിയുടെ ഉത്തമോദാഹരണമായി മാറിയത്. ഇന്നു നാം മഴവില്ലുകളായി കരുതുന്ന സമൂഹങ്ങളിൽ അനീതിയും ഇരട്ട മാനദണ്ഡങ്ങളും നിലനിൽക്കുന്നത് അവയിലെ പ്രിസങ്ങളുടെ പക്ഷപാതിത്വം കൊണ്ടാണ്. അതിനാൽ മഴവില്ലുകളെ അംഗീകരിക്കുകയും അവയുടെ ഭാഗമായി നിലനിൽക്കുകയും ചെയ്യുമ്പോൾ തന്നെ അവയിലെ പ്രിസങ്ങളാവാൻ ശ്രമിക്കുക. ■